**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലാശയങ്ങളിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ജലാശയങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കുളങ്ങൾ, ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജലനിർഗ്ഗമനചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയതോടുകളിലുമുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/ മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ച് വരുന്നത്. തുടർന്നും ജലസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന് ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചും വകുപ്പുകളുടെ ഏകോപനത്തോടും നടപ്പിലാക്കാവുന്നതാണ്. നിലവിൽ ഹരിതകേരളംമിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുക്കുന്നുണ്ട്. ജലാശയങ്ങളിലെ കയ്യേറ്റ നടപടികൾ റവന്യൂ വകുപ്പിൽ അറിയിക്കുകയും, ആയതു റവന്യൂ വിഭാഗം സർവ്വേ ചെയ്ത്, കയ്യേറ്റം ഉണ്ടെന്നു തെളിയുന്നപക്ഷം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നുണ്ട്. ഒപ്പം പൊതുജനങ്ങൾക്ക് കയ്യേറ്റം പരാതിപ്പെടുന്നതിനായി ജലസേചന വകുപ്പിന്റെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003-ന്റെ 2018-ലെ ഭേദഗതി അനുസരിച്ച് ജലസ്രോതസ്സുകൾ/ കനാലുകൾ മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് പരാതി നൽകുകയും മലിനപ്പെടുത്തുന്ന വ്യക്തിക്ക് വകുപ്പിൽ നിന്ന് നോട്ടീസ് നൽകി നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | വ്യാവസായിക മാലിന്യം ഉൾപ്പെടെയുള്ളവമൂലം മലിനമാക്കപ്പെടുന്നതിനാൽ ഉപയോഗരഹിതമായ ജലാശയങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | വ്യവസായ ശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്ന് ഉറപ്പുവരുത്തിയാണ് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവ്യർത്തനാനുമതി നൽകുന്നത്. ഇവയുടെ കാര്യക്ഷമത തുടർച്ചയായി നിരീക്ഷിച്ചു വരുന്നതുമാണ്. ഗുണ നിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ മലിനീകരണ നിയന്ത്രണ ബോർഡ് തുടർ നടപടി സ്വീകരിക്കാറുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 21 നദീ ഭാഗങ്ങളിൽ 18 നദീ ഭാഗങ്ങളാണ് മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ Priority 1, Priority 2 എന്നിവയിൽ കേരളത്തിലെ നദികൾ ഉൾപ്പെട്ടിട്ടില്ല. Priority 3-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority 4-ൽ നെയ്യാർ, വാമനപുരം എന്നീ നദികളും Priority 5-ൽ അയിരൂർ, ചാലക്കുടി, ചിത്രപ്പുഴ, കടലുണ്ടി, കടമ്പ്രയാർ, കല്ലായി, കൽപ്പാത്തിപ്പുഴ, കോരയാർ, മാമം, മണിമല, പമ്പ, പെരിയാർ, പുല്ലൂർ, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയ്ക്ക് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ